# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 626** **29/07/2015 ൽ മറുപടിയ്ക്ക്**

## ഹൈക്കോടതി ബഞ്ചിനുള്ള അപേക്ഷ

**ചോദ്യം** **ഉത്തരം**

**ശ്രീ. തോമസ് ചാണ്ടി** **ശ്രീ. ഉമ്മൻചാണ്ടി**

**ശ്രീ. എ. കെ. ശശീന്ദ്രൻ** **(ബഹു. കേരള മുഖ്യമന്ത്രി)**

| | | |
|---|---|---|
| എ) | തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | 16-8-2006-ൽ സംസ്ഥാന മന്ത്രിസഭായോഗം തിരുവനന്തപുരത്ത് സ്ഥിരമായി ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുവാൻ നടപടി എടുക്കുവാൻ തീരുമാനിച്ചു. അതനുസരിച്ച് ബഞ്ച് സ്ഥാപിക്കുവാൻ അനുവാദത്തിനായി സർക്കാർ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസിനോട് അഭ്യർത്ഥിച്ചു. ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിലും കൊണ്ട് വന്നു. കേന്ദ്ര സർക്കാരും ഹൈക്കോടതിയും ഇക്കാര്യത്തിൽ ഒരു നടപടിയും കൈകൊള്ളാതിരുന്ന സാഹചര്യത്തിൽ കേരള മുഖ്യമന്ത്രി 2007- ജനുവരിയിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയേയും കേന്ദ്ര നിയമ മന്ത്രിയേയും കണ്ട് ഇക്കാര്യത്തിൽ അടിയന്തിരനടപടി കൈക്കൊള്ളണമെന്ന് അഭ്യർത്ഥിച്ചു. തുടർന്ന് 14-12-2007-ൽ ബഹുമാനപ്പെട്ട കേരള ചീഫ് ജസ്റ്റിസ് കാരണമൊന്നും നൽകാതെ അഭ്യർത്ഥനയെ നിരാകരിച്ചു. 27-12-2007-ലെ മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിനോട് തീരുമാനം പുന:പരിശോധിക്കുവാനും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുവാനും സംസ്ഥാന സർക്കാർ തീരുമാനിച്ചു. തദനുസരണം 29-1-2008-ലെ 26880/ലെഗ്.ബി.1/07/നിയമം നമ്പർ അർദ്ധ ഔദ്യോഗിക കത്തും, 04-02-2008-ലെ 26880/ലെഗ്.ബി.1/07/നിയമം നമ്പർ കത്തും അനുസരിച്ച് കേരള ചീഫ് ജസ്റ്റിസിനോടും കേന്ദ്ര സർക്കാരിനോടും തിരുവനന്തപുരത്ത് സ്ഥിരമായി ഹൈക്കോടതി ബഞ്ച് |

| | | |
|---|---|---|
| | | സ്ഥാപിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ അപേക്ഷ പരിഗണിക്കുന്നതിന് അഭ്യർത്ഥിച്ചിരുന്നു. നിർഭാഗ്യവശാൽ ബഹുമാനപ്പെട്ട കേരള ചീഫ് ജസ്റ്റീസ് തിരുവനന്തപുരത്ത് ബഞ്ച് സ്ഥാപിക്കുന്നതിന് സമ്മതം നൽകിയിട്ടില്ല. 25-3-2008-ൽ ബഹുമാന്യരായ മുഖ്യമന്ത്രിയും നിയമ മന്ത്രിയും ഇതിലേക്കായി പൂർണ്ണമായ ഒരു നിർദ്ദേശം ബഹുമാനപ്പെട്ട കേരള ഗവർണ്ണർക്ക് സമർപ്പിച്ചു. തുടർന്ന് ബഹുമാനപ്പെട്ട മന്ത്രിയും, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും നയിച്ച സർവ്വകക്ഷി സംഘം 30-4-2008-ൽ ബഹുമാന്യയായ ഇന്ത്യൻ പ്രസിഡന്റിനെയും 15-4-2008-ൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയേയും കണ്ട് അതേ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ ഉപദേശം നൽകുവാൻ കേന്ദ്ര മന്ത്രിസഭയോട് അഭ്യർത്ഥിക്കുവാനും 18-6-2008-ൽ മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ട്. 29-9-2008-ൽ ചേർന്ന മന്ത്രിസഭായോഗം നിർദ്ദിഷ്ട ഹൈക്കോടതി ബഞ്ചിന്റെ ആസ്ഥാനമായി വഞ്ചിയൂരിലെ കോടതിയോട് ചേർന്നുള്ള പഴയ കളക്ട്രേറ്റ് മന്ദിരത്തെ മാറ്റിവയ്ക്കുന്നതിനായി തീരുമാനിച്ചു.18-11-2008-ലെ സർക്കാർ ഉത്തരവ് (സാ) നം. 3630/08/റവന്യൂ പ്രകാരം ഹൈക്കോടതി ബഞ്ചിനായി ബഡ്ജറ്റിൽ വകയിരിത്തിയിട്ടുള്ള 50 ലക്ഷം രൂപയിൽ നിന്നും 5 ലക്ഷം രൂപ കെട്ടിടം പുതുക്കി പണിയുന്നതിനായി പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) ചീഫ് എഞ്ചിനീയർക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള വിഷയം മുഖ്യമന്ത്രിയുടെയും ചീഫ് ജസ്റ്റീസുമാരുടെയും സമ്മേളനം കൈക്കൊള്ളുന്ന തീരുമാനം പരിശോധിക്കുന്നതിനായി രൂപീകരിച്ച Second Level Monitoring Committee വിളിച്ചുകൂട്ടുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ അന്തിമ തീരുമാനമെടുക്കേണ്ടത് കേരള ഹൈക്കോടതിയും കേന്ദ്ര സർക്കാരുമാണ്. ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ നിലപാട് കേന്ദ്ര സർക്കാരിനെ അറിയിക്കുന്നപക്ഷം തുടർ നടപടികൾ |

| | | |
|---|---|---|
| | | സ്വീകരിക്കാം എന്നതാണ് കേന്ദ്ര നിലപാട്. ഹൈക്കോടതി ബഞ്ച് സംസ്ഥാനത്ത് അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുള്ള വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുള്ള എല്ലാനടപടിക്രമങ്ങളും പൂർത്തിയായിട്ടുണ്ട്. |
| ബി) | ഹൈക്കോടതി ബഞ്ചിനുള്ള അപേക്ഷ ലഭിച്ചാൽ അനുഭാവത്തോടെ പരിഗണിക്കുമെന്ന കേന്ദ്ര നിയമ മന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | മാധ്യമങ്ങളിലൂടെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. എന്നാൽ മേൽ വിവരിച്ച പ്രസ്താവന സംബന്ധിച്ച് അറിയിപ്പുകളൊന്നും നിയമ വകുപ്പിൽ ലഭിച്ചിട്ടില്ല. |
| സി) | പ്രസ്തുത അപേക്ഷ ചീഫ് ജസ്റ്റീസിന്റെ അനുമതിയോടെ അടിയന്തിരമായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | ബാധകമല്ല. |

ഉത്തരവിൻ പ്രകാരം,

Meenal

സെക്ഷൻ ഓഫീസർ